CALLING ATTENTION UNDER RULE 61

കോഴിക്കോട്ട് തിരുവണ്ണൂർ കോട്ടൺമിൽ (മലബാർ സ്പിന്നിംഗ് ആൻറ് വീവിംഗ് മിൽ കല്പായി) പൂട്ടിയിട്ടതിനെത്തുടർന്ന് 700-ൽ പരം തൊഴിലാളികൾ തൊഴിൽരഹിതരായിത്തീർന്നിട്ടുള്ളതുമൂലം സംജാതമായിട്ടുള്ള ഗുരുതരാവസ്ഥ ഗവണ്മെൻറിൻെറ ശ്രദ്ധയിൽകൊണ്ടുവരുന്നതിനുവേണ്ടി റൂൾ 61 അനുസരിച്ച് ശ്രീ. കെ. ചാത്തുണ്ണിമാസ്റ്റർ ഒരു നോട്ടീസ് നൽകിയിരിക്കുകയാണ്. 8-8-1969-ലും ഇതു പോലെ നോട്ടീസ് നൽകി ഈ കാര്യം സഭയുടെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുള്ളതു കൊണ്ട് ഇപ്പോൾ സംസാരിക്കേണ്ട ആവശ്യമില്ല. കഴിഞ്ഞദിവസം റഫർ ചെയ്തിട്ടുള്ളതാണ്. ഇതു ഗവണ്മെൻറിൻെറ പരിഗണനയിലിരിക്കുന്ന കാര്യവുമാണ്.

ശ്രീ. കെ. ചാത്തുണ്ണിമാസ്റ്റർ: തിരുവണ്ണൂർ കോട്ടൺമിൽതൊഴിലാളികൾ സെക്രട്ടറിയേറ്റു നടയിൽ സമരം നടത്തുകയാണ്. വലിയൊരു വിഭാഗം തൊഴിലാളികളെ ബാധിക്കുന്ന ഒരു പ്രശ്നമാണിതു്. അതുകൊണ്ട് ഈ കാര്യം പ്രത്യേകമായി പരിഗണിക്കണം.

മി. സ്പീക്കർ: ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

പത്തനംതിട്ട കാതോലിക്കേറ്റ് കോളേജിലെ ചില വിദ്യാർത്ഥികളെ കാളേജിലെ പ്യൂൺമാർ, സ്റ്റാഫ് അംഗങ്ങളും ചേർന്ന് മർദ്ദിച്ചതിനെത്തുടർന്ന് കാളേജ് അനിശ്ചിത കാലത്തേയ്ക്ക് അടച്ചിട്ടതുമൂലം സംജാതമായിരിക്കുന്ന ഗുരുതരാവസ്ഥ ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെടുത്തുന്നതിനു് ശ്രീ. കെ. ടി. ജേക്കബ് റൂൾ 61 അനുസരിച്ച് ഒരു നോട്ടീസ് നൽകിയിട്ടുണ്ട്.

ഈ നോട്ടീസുകളെല്ലാം ബന്ധപ്പെട്ട മന്ത്രിമാരുടെ പരിഗണനക്കായി അയച്ചു കൊടുക്കുന്നതാണ്.

EXPLOSION IN A QUARRY IN KOTTARA, WADAKKANCHERRY

ബഹുമാനപ്പെട്ട റവന്യൂ മന്ത്രിക്ക് കഴിഞ്ഞദിവസം ഇവിടെ റൂൾ 61 അനുസരിച്ച് ഉന്നയിച്ച പ്രശ്നത്തിനു് മറുപടി പറയാം.

റവന്യൂമന്ത്രി (ശ്രീമതി. കെ. ആർ. ഗൗരി): വടക്കാഞ്ചേരിയിൽ ഉണ്ടായസംഭവത്തെക്കുറിച്ച് ശരിയായ വിവരം ലഭിച്ചിട്ടില്ല. ഇന്നു അതിൻെറ വിവരം അയക്കാമെന്നു പറഞ്ഞിരുന്നു. പക്ഷേ, ഇതുവരെ ഇവിടെ കിട്ടിയിട്ടില്ല. അതുകൊണ്ട് അതിൻെറ മറുപടി പിന്നീട് പറയാം.

RESOLUTION UNDER SECTION 65 (3) OF THE ELECTRICITY (SUPPLY) ACT, 1948

ശ്രീ. കെ. കരുണാകരൻ: ഇന്നത്തെ അജണ്ടായിൽ ഏലക്ട്രിസിറ്റി മന്ത്രി ഒരു പ്രമേയം മൂവ് ചെയ്യുന്നകാര്യം പറയുന്നുണ്ട്. ഇന്നലെ രാത്രി 11 മണിവരെ കാത്തിരുന്നിട്ട് ഞങ്ങൾക്ക് അജണ്ട കിട്ടിയില്ല. ഇന്നു കാലത്താണ് കിട്ടിയതു്. ഇതു് ഒരു അതിപ്രധാനമായ കാര്യമാണ്. ഇലക്ട്രിസിറ്റി ബോഡിനു് കടമെടുക്കാനുള്ള പ്രമേയമാണ്. ഇതു നമ്മുടെ സ്റ്റേറ്റിലെ പദ്ധതികളെ ബാധിക്കുന്നതായ അതിപ്രധാനമായ ഒരു കാര്യമാണെങ്കിൽത്തന്നെയും, ഇലക്ട്രിസിറ്റി ബോർഡിനെ കടമെടുക്കാൻ അനുവദിക്കാമോ എന്നുള്ള കാര്യം ചിന്തിക്കേണ്ടതായിട്ടുണ്ട്. അതുപോലെതന്നെ ഈ കാര്യത്തെ സംബന്ധിച്ചിടത്തോളം വിദഗ്ദ്ധമായ പരിശോധനയ്ക്കു് അല്പ സമയം ആവശ്യമാണെന്നുള്ള അഭ്യർത്ഥനയുണ്ട്. ഈ വക കാര്യങ്ങളെ സംബന്ധിച്ചിടത്തോളം ഇലക്ട്രിസിറ്റി മന്ത്രിയെങ്കിലും പ്രതിപക്ഷവുമായി ആലോചിച്ച് സ്ഥിതിഗതികൾ വിശദീകരിച്ച് തന്നില്ലെങ്കിൽ സ്റ്റേറ്റിൻെറ ഉത്തമതാല്പര്യങ്ങളെ മുൻനിറുത്തി പ്രവർത്തിക്കാൻ ബാദ്ധ്യസ്ഥരായ ഞങ്ങൾക്ക് വളരെ വിഷമങ്ങളുണ്ടാകും. അതുകൊണ്ട് ഈ പ്രമേയം ഇപ്പോൾ എടുക്കുകയാണെങ്കിൽ വളരെ അസൗകര്യങ്ങളുണ്ട്. കാര്യങ്ങൾ പരിശോധിക്കാനുള്ള സമയം തരണം.

LIBRARY ARCHIVES Kerala Legislative Assembly